**National Employment Service (Kerala)**

**PRIVATE**
EMPLOYMENT PORTAL
Connecting Talent. Building Futures.

കേരള സർക്കാർ

# നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)



## പ്രൈവറ്റ് എംപ്ലോയ്മെന്റ് പോർട്ടൽ ഉദ്ഘാടനം

**'സ്വകാര്യ തൊഴിൽ ദായകരെയും തൊഴിൽ അന്വേഷകരെയും ബന്ധിപ്പിക്കുന്ന കേരള സർക്കാർ സംരംഭം'**

**ഉദ്ഘാടനം** **ശ്രീ.വി.ശിവൻകുട്ടി**
(ബഹു: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)

**തീയതി** 2025 ആഗസ്റ്റ് 1
വെള്ളിയാഴ്ച്ച രാവിലെ 10.30 ന്

**സ്ഥലം** ഗവ: റസ്റ്റ് ഹൗസ്, തൈക്കാട്
തിരുവനന്തപുരം

**പോർട്ടൽ സംബന്ധമായ ഓൺലൈൻ സേവനങ്ങൾക്ക്**

**www.privatejobs.employment.kerala.gov.in**

കേരള സർക്കാർ

**National Employment Service (Kerala)**

# നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

## PRIVATE
### EMPLOYMENT PORTAL
Connecting Talent. Building Futures.

**‘സ്വകാര്യ തൊഴിൽ ദായകരെയും**
**തൊഴിൽ അന്വേഷകരെയും ബന്ധിപ്പിക്കുന്ന**
**കേരള സർക്കാർ സംരംഭം’**

---


**എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്**

തൊഴിൽ ഭവൻ, വികാസ് ഭവൻ പി .ഒ, തിരുവനന്തപുരം 33

ഫോൺ :0471–2301389, 2301249

ഇമെയിൽ : deker.emp.lbr@ kerala.gov.in


**പോർട്ടൽ സംബന്ധമായ ഓൺലൈൻ സേവനങ്ങൾക്ക്**

**www.privatejobs.employment.kerala.gov.in**



# പ്രൈവറ്റ് എംപ്ലോയ്മെന്റ് പോർട്ടൽ

www.privatejobs.employment.kerala.gov.in എന്ന പോർട്ടൽ മുഖേന ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉദ്യോഗദായകരുടെ രജിസ്ട്രേഷൻ ബന്ധപ്പെട്ട ജില്ലാ എക്സ്ചേഞ്ചുകളിൽ പരിശോധിക്കുകയും അതിനു ശേഷം രജിസ്റ്റർ നമ്പർ ലഭിക്കുകയും ചെയ്യുന്നതാണ്. തുടർന്ന് പോർട്ടലിൽ ഒഴിവുകൾ പോസ്റ്റ് ചെയ്യാവുന്നതാണ്. ഓരോ ഒഴിവിലും അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥിയുടെ വിവരങ്ങൾ ഉദ്യോഗദായകന് അപ്പോൾത്തന്നെ അറിയാൻ സാധിക്കുന്നതാണ്. ജോബ് ഫെസ്റ്റ്/ജോബ് ഡ്രൈവുകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരം ക്യു.ആർ കോഡ് സ്കാൻ ചെയ്ത് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ മുഖേന തന്നെ കോൾ ലെറ്റർ, അപ്പോയിന്റ്മെന്റ് ലെറ്റർ ജനറേഷൻ എന്നിവ സാധ്യമാണ്.

ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ സ്വന്തമായി അപ്ഡേറ്റ് ചെയ്യാവുന്നതും ഓട്ടോ ജനറേറ്റഡായി ബയോഡാറ്റാ ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾ, പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക്, അവരവരുടെ പ്രൊഫൈലിൽ ലഭിക്കുകയും, അപ്പോൾ തന്നെ ഒഴിവുകളിലേയ്ക്ക് അപേക്ഷിക്കാവുന്നതും, നിയമനവിവരവും അവരവരുടെ പ്രൊഫൈലിൽ ലഭിക്കുന്നതുമാണ്.

മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള മുതിർന്ന പൗരന്മാരുടെ ഡാറ്റായും പ്രൈവറ്റ് എംപ്ലോയ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ, അവർ ആർജ്ജിച്ചിട്ടുള്ള തൊഴിൽ നൈപുണ്യവും, പ്രവൃത്തി പരിചയവും ചേർക്കുന്ന മുറയ്ക്ക് അവരെ നവജീവൻ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തുന്നതാണ്.

- **ഉദ്യോഗദായകർക്കും, ഉദ്യോഗാർത്ഥികൾക്കും ഒറ്റ തവണ രജിസ്ട്രേഷൻ**
- **ഉദ്യോഗാർത്ഥികൾക്ക് Resume/Biodata auto generation, ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം**
- **ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് ഐഡി കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം**
- **ഉദ്യോഗദായകർക്ക് വേഗത്തിലും, സുഗമമായും, സുതാര്യമായുള്ള നിയമനങ്ങൾക്കുള്ള സൗകര്യം**
- **ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും എപ്പോൾ വേണമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം**
- **QR Code മുഖേന ജോബ് ഫെയർ/മെഗാ ജോബ് ഫെസ്റ്റ് അറ്റൻഡൻസ് രേഖപ്പെടുത്തൽ**
- **50 – 65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാരുടെ ഡാറ്റാബാങ്ക്**